(ഇ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച, ഓരോ തലത്തിലുമുള്ള നയങ്ങളുടെ വ്യതിയാനം, ദേശീയ തലത്തിലും അയൽ സംസ്ഥാനങ്ങളിലും ഉള്ള നികുതി ഘടന, ഉപഭോക്താക്കളുടെ ഡിമാന്റിൽ വരുന്ന വ്യതിയാനങ്ങൾ, നികുതി വരുമാനവുമായി ബന്ധപ്പെട്ടുകിടക്കുന്ന മറ്റു നിയമങ്ങളിലുണ്ടായിട്ടുള്ള വ്യതിയാനങ്ങൾ, കോടതികളുടെ ഇടപെടലുകൾ എന്നിങ്ങനെ വിവിധ ഘടകങ്ങളെ ആശ്രയിച്ചായിരിക്കും ഒരു സംസ്ഥാനത്തിന്റെ നികുതി വരുമാനം. ഈ ഘടകങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾമൂലമാണ് കേരളത്തിന്റെ നികുതി വരുമാനവും ഉദ്ദേശിച്ചയത്ര പിരിക്കാൻ സാധിക്കാതെവന്നത്.

വിൽപ്പന നികുതിയിലെ നഷ്ടം

42 [979] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 സാമ്പത്തിക വർഷം സംസ്ഥാനത്തെ വിൽപ്പന നികുതി പിരിവ് എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2005-2006 വർഷത്തെ വിൽപ്പന നികുതി ലക്ഷ്യം എത്രയാണ്;

(സി) വാറ്റ് നടപ്പിലാക്കുന്ന ആദ്യവർഷത്തിൽ വിൽപ്പന നികുതിയിലുണ്ടായേക്കാവുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഈ നഷ്ടം പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 6797.44 കോടി രൂപ.

(ബി) 8200.01 കോടി രൂപ.

(സി) 840 കോടി രൂപയുടെ കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ വർഷാവസാനം എത്ര കുറവ് വരുമെന്ന് ഇപ്പോൾ നിശ്ചയിക്കുവാൻ നിവൃത്തിയില്ല.

(ഡി) പ്രസ്തുത നഷ്ടം കേന്ദ്ര സർക്കാർ നികത്തുമെന്ന ധാരണയാണ്. അതുപ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സ്വർണ്ണത്തിന്റെ വിൽപ്പന നികുതി

43 [980] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് സ്വർണ്ണം വിൽപ്പന നടത്തുന്ന എത്ര വ്യാപാര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly